# ദൈവകൃപ

സാക് പുന്നൻ

WFTW 24 ആഗസ്റ്റ് 2014

സന്തോഷകരമായ ഒരു വിവാഹ ജീവിതത്തിനു വേണ്ട കൃപ പ്രാപിക്കുന്നതിനെക്കുറിച്ചു പത്രൊസ് പറയുന്നു: ഭഭഅപ്രകാരം തന്നെ, ഭർത്താക്കന്മാരേ, സ്ത്രീജനം ബലഹീന പാത്രമാണെന്നറിഞ്ഞു വിവേകപൂർവം ഭാര്യമാരോട് ഒത്തു ജീവിക്കുവിൻ. അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികളെന്നോർത്ത് അവരെ ആദരിക്കുകയും വേണം. ഇങ്ങനെ നിങ്ങളുടെ പ്രാർത്ഥനയ്ക്കു ഭംഗം വരാതിരിക്കട്ടെ'' (1പത്രൊ.3:7).

ക്രിസ്തീയ ദമ്പതിമാർ ഒരുമിച്ചു സമാധാനത്തിലും ഐക്യത്തിലും ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. കിടമത്സരത്താൽ ചീന്തപ്പെട്ട ലോകത്തിൽ, അവരുടെ ഭവനം സമാധാനത്തിന്റെ ഒരു തുരുത്തായിരിക്കണം. തന്നെയുമല്ല അതിന് ധാരാളമായ കൃപയും ആവശ്യമാണ്.

പത്രൊസ് ആത്മീക വരങ്ങളെക്കുറിച്ചു തുടർന്നു പറയുന്നു: ഭഭവിവിധമായ ദൈവകൃപയുടെ നല്ല കാര്യ വിചാരകരായി ഓരോരുത്തരും അവരവർക്കു ലഭിച്ചിട്ടുള്ള വരം മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി വിനിയോഗിക്കുവിൻ'' (1പത്രൊ.4:10). ഓരോ ആത്മീക വരവും മറ്റുള്ളവരെ ശുശ്രൂഷിക്കാൻ വേണ്ടി മാത്രം ഉപയോഗിക്കുവാനുള്ളതാണ്. അതു ദൈവത്തിന്റെ സത്യകൃപ മറ്റുള്ളവരിലേക്കു പകർന്നു കൊടുക്കാനുള്ള മാർഗ്ഗമാണ്. ദൈവത്തിന്റെ കൃപ ബഹുമുഖമായതാണ്. അതുകൊണ്ട്, ദൈവം വ്യത്യസ്തങ്ങളായ പശ്ചാത്തലങ്ങളിൽ നിന്നും വ്യത്യസ്തങ്ങളായ വ്യക്തിത്വത്തോടും പ്രകൃതത്തോടും കൂടിയ ആളുകളെ തിരഞ്ഞെടുത്തിട്ട് അവരെ എല്ലാവരെയും ഒരുമിച്ചു ക്രിസ്തുവിന്റെ ശരീരത്തിൽ ആക്കിയിരിക്കുന്നു. അത് അവർക്ക് ഓരോരുത്തർക്കും ദൈവകൃപയുടെ നിസ്തുല്യമായ ഭാവം അവന്റെ/അവളുടെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും പ്രദർശിപ്പിക്കാൻ കഴിയേണ്ടതിനാണ്.

ഭഭഇളയവരേ, മൂപ്പന്മാർക്കു വിധേയരായിരിപ്പിൻ. അന്യോന്യം ഇടപെടുന്നതിൽ നിങ്ങൾ എല്ലാവരും താഴ്മ ധരിച്ചുകൊൾവിൻ. എന്തുകൊണ്ടെന്നാൽ ഭഭദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു; താഴ് മയുള്ളവർക്കോ കൃപ നൽകുന്നു'' (1പത്രൊ.5:5). ഇവിടെ പത്രൊസ്, നമ്മുടെ യൌവ്വനകാലത്തു തന്നെ ആത്മിക അധികാരങ്ങളോടുള്ള വിധേയത്വം പഠിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി പറയുന്നു. ഒരു യുവാവ് 20 വയസ്സാകുമ്പോൾ രക്ഷിക്കപ്പെട്ടാൽ, സാധാരണയായി ദൈവത്തിന്റെ ഉദ്ദേശ്യം അവൻ 35 വയസ്സ് പ്രായമാകുമ്പോഴേക്ക് അവനു ഫലപ്രദമായ ഒരു ശുശ്രൂഷ ഉണ്ടായിരിക്കണം എന്നാണ്. എന്നാൽ ഇതു നിറവേറപ്പെടണമെങ്കിൽ അവൻ 35 വയസാകുമ്പോഴേക്കു നുറുക്കത്തിന്റെയും താഴ്മയുടെയും എല്ലാ പ്രധാന പാഠങ്ങളും, പഠിച്ചിരിക്കണം. ആ പാഠങ്ങൾ പഠിക്കാൻ കഴിയുന്നത് അവൻ ആത്മിക അധികാരങ്ങൾക്കു വിധേയപ്പെടുന്നതു വഴിയാണ്. അങ്ങനെ മാത്രമേ പിന്നീട് അവന്റെ ഭവനത്തിലും സഭയിലും ആത്മിക അധികാരങ്ങൾ പ്രയോഗിക്കുവാനുള്ള കൃപ പ്രാപിക്കുവാൻ അവനു കഴിയുകയുള്ളൂ. ആത്മികാധികാരത്തിന് കീഴ്പ്പെടാത്ത യൌവ്വനക്കാരായ ആളുകൾ, ദൈവത്തിന്റെ മനസ്സിൽ അവർക്കായി ഉദ്ദേശിച്ചിട്ടുള്ള ശുശ്രൂഷ നഷ്ടപ്പെടുന്നതിൽ ചെന്നവസാനിക്കും. സംശയമില്ല. നാം പ്രായം ചെന്നു കഴിഞ്ഞാൽ പിന്നെ നാം നമ്മെത്തന്നെ താഴ്ത്തേണ്ട ആവശ്യം ഇല്ല എന്നല്ല ഇതിന്റെ അർത്ഥം!! യൌവ്വനത്തിൽ തന്നെ മൂപ്പന്മാരോടുള്ള വിധേയത്വം പഠിക്കണം. താഴ്മയുടെ വഴിയിൽ യേശുവിനെ അനുഗമിക്കുക എന്നത് നമ്മുടെ മരണദിനം വരെ തുടരേണ്ടിയ ഒരു കാര്യമാണ്. നമ്മുടെ ജിവിതാവസാനം വരെ കൃപ പ്രാപിക്കുന്നതു തുടരാനുള്ള ഒരേ ഒരു മാർഗ്ഗം അതാണ്.

ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; എന്നാൽ താഴ്മയുള്ളവർക്ക് അവൻ കൃപ നൽകുന്നു. നാം അഹങ്കാരികളാണെങ്കിൽ, അപ്പോൾ നമ്മുടെ ഉപദേശങ്ങളെല്ലാം ശരിയായിരുന്നാൽ പോലും, നാം പരീശന്മാരെപ്പോലെ ആത്മിക യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് വഞ്ചിതരും അന്ധരും ആയി അവസാനിക്കും. തങ്ങളുടെ കാലത്തുണ്ടായിരുന്ന, ദൈവത്തിന്റെ യഥാർത്ഥ പ്രവാചകനായ യേശുവിനെ പരീശന്മാർക്ക് തിരിച്ചറിയാൻ കഴിയാഞ്ഞതുപോലെ നമുക്കു നമ്മുടെ കാലത്തുള്ള ദൈവത്തിന്റെ യഥാർത്ഥ പ്രവാചകന്മാരെ തിരിച്ചറിയാൻ കഴിയാതെ പോകും.

എല്ലാ പാപത്തിന്റെയും ഉത്ഭവം നിഗളത്തിലും സ്വാർത്ഥതയിലുമാണ്. അതുപോലെ, ക്രിസ്തുവിന്റെ എല്ലാ നന്മകളുടെയും ഉത്ഭവം താഴ്മയിലും, നിസ്വാർത്ഥതയിലുമാണ്. നാം നമ്മെ എത്രയധികം നമ്മെത്തന്നെ താഴ് ത്തുമോ, അത്രയധികം കൃപ ദൈവത്തിൽ നിന്നു നാം പ്രാപിക്കും. അപ്പോൾ നാം ജയത്തിൽ ജീവിക്കുകയും

ക്രിസ്തുവിന്റെ സ്വഭാവം കൂടുതൽ കൂടുതൽ നമ്മുടെ ജീവിതങ്ങളിൽ വെളിപ്പെടുകയും ചെയ്യും. ആർക്കെങ്കിലും പാപത്തിന്റെ മേൽ ജയമില്ലെങ്കിൽ, അത് വ്യക്തമായി കാണിക്കുന്നത് അവൻ അവനെത്തന്നെ താഴ്ത്തിയിട്ടില്ല എന്നാണ്. കാരണം തന്നെത്താൻ താഴ്ത്തുന്നവനെല്ലാം തീർച്ചയായും കൃപ പ്രാപിക്കും (1പത്രൊ. 5:6). അതുപോലെ കൃപയ്ക്കു കീഴിൽ വരുന്ന എല്ലാവരും തീർച്ചയായും ജയവും പ്രാപിക്കും (റോമ. 6:14).